ശ്രീ. ഇടിക്കുള : ഈ രാജ്യത്തു് അരക്ഷിതാവസ്ഥയുണ്ടെന്നു് പ്രതിപക്ഷത്തു നിന്നും കൊണ്ടുവന്നിട്ടുള്ള ആരോപണം ശരിയാണെന്നുള്ളതിനു് തെളിവല്ലേ ഈ സംഭവം ?

Mr. Speaker : That need not be answered.

റെയർ എർത്തു ഫാക്ടറി.

* 1459. [18] ശ്രീ. എ. കണ്ണക്കുട്ടൻ : താഴെ കാണുന്ന ചോദ്യത്തിനു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇൻഡ്യാഗവണ്മെന്റിന്റെ ആഭിമുഖ്യത്തിൽ ആലുവായിൽ നടന്നുവന്ന 'റെയർ എർത്തു ഫാക്ടറി' അടച്ചുപൂട്ടിയ കാരണം എന്തു തൊഴിലാളികൾക്കു തൊഴിൽ നഷ്ടപ്പെട്ടു ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ): 180 ഫാക്ടറി തൊഴിലാളികൾക്കു് 1959 ഏപ്രിൽ മൂന്നാം തീയതിമുതൽ ജോലി ഇല്ലാതായിട്ടുണ്ടു്.

ശ്രീ. ടി. ഒ. ബാവാ : ഈ വ്യവസായത്തിൽ, കേരളാ ഗവണ്മെന്റിനു് എന്തെങ്കിലും നിയന്ത്രണമുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : കേരള ഗവണ്മെന്റിനു് 36 ലക്ഷം രൂപയുടെ ഷെയർ ഉണ്ടു് ; ഡയറക്ടർ ബോർഡിൽ രണ്ടു അംഗങ്ങൾ കേരള ഗവണ്മെന്റിന്റെ പ്രതിനിധികളാണു്.

ശ്രീ. ടി. ഒ. ബാവാ : 36 ലക്ഷം രൂപയുടെ ഷെയർ ഈ ഗവണ്മെന്റിനുള്ള സ്ഥിതിക്കു് അതു പൂട്ടിയിട്ടിരിക്കുന്നതു് ശരിയല്ലെന്ന കാര്യം പരിഗണിച്ചു് അതു പുനരാലോചന ചെയ്യുന്നതിനു് ഗവണ്മെന്റു് സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : കേന്ദ്രഗവണ്മെന്റും അറ്റാമിക് എനർജി കമ്മിഷനുമായി അന്വേഷണം നടത്തി .....

മി. സ്പീക്കർ : ഇതിനെപ്പറ്റി മിനിയാന്നു് വളരെ ഡീറ്റെയിൽഡായിട്ടു പറഞ്ഞിട്ടുണ്ടു്.

Committees constituted by this Government.

* 1460. [19] **Shri K. Chandrasekharan**: Will the Chief Minister be pleased to state :

(*a*) the number of State Committees, District Committees and Taluk Committees so far constituted by this Government;

(*b*) the amount so far expended on them by way of T. A. D. A. etc., and

(*c*) if the figures up till date are not available, would the Chief Minister be pleased to give the figures for the above up till the date of a similar question put by this member during the last Budget meeting and when the Chief Minister had replied that particulars are being collected ?

LIBRARY ARCHIVES Kerala Legislative Assembly